**14-ാം കേരള നിയമ സഭ**

**4-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3449** **14.03.2017-ൽ മറുപടിയ്ക്ക്**

## <u>ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷ</u>

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി :** | **ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി)** |
| (എ) ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയിൽ (നീറ്റ്) പ്രാദേശിക ഭാഷയായി മലയാളം മാധ്യമം അനുവദിച്ചിട്ടുണ്ടോ ; | (എ) ഇല്ല |
| (ബ) ഈ പ്രവേശന പരീക്ഷയിൽ മലയാളത്തിൽ പരീക്ഷയെഴുതുന്നതിന് അനുമതിയ്ക്കായി കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ;<br><br>(സി) പ്രാദേശികഭാഷയുടെ സംരക്ഷണ-ത്തിനായി ഇത്തരം അവസരങ്ങൾ ഉപയോഗിക്കാതിരിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ;<br><br>(ഡി) ഈ പ്രവേശനപരീക്ഷയിൽ മലയാളം മാധ്യമം ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി), (സി) & (ഡി) ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്തിന് അയച്ചു തന്ന പ്രൊഫോർമയിൽ ഇംഗ്ലീഷ്/ഹിന്ദി/തമിഴ്/തെലുഗു തുടങ്ങിയ ഭാഷകൾക്കുള്ള ഓപ്ഷൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മലയാളത്തിൽ പരീക്ഷയെഴുതുന്നതിന് ഓപ്ഷൻ നൽകാൻ അവസരം ഉണ്ടായിരുന്നില്ല. അടുത്ത പരീക്ഷയ്ക്ക് മലയാളം കൂടി മാധ്യമമായി ഉപയോഗിക്കുവാൻ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് കത്ത് അയച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**